**<u>15 -ാം കേരള നിയമസഭ</u>**

**<u>16 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 18</u>** **<u>27-01-2026 - ൽ മറുപടിയ്ക്ക്</u>**

## <u>സർക്കാർ ആശുപത്രികളുടെ പ്രവർത്തന മികവ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ആരോഗ്യ ചികിത്സാമേഖലയിൽ സർക്കാർ ആശുപത്രികളുടെ പ്രവർത്തന മികവ് ദേശീയ ശ്രദ്ധ നേടാൻ സഹായകരമായിട്ടുണ്ടോ; | (എ) | **ഉണ്ട്. സംസ്ഥാനത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെ വ്യാപിച്ച ശക്തമായ സർക്കാർ ആശുപത്രി ശൃംഖല ഗുണമേന്മയുള്ളതും ചെലവു കുറഞ്ഞതുമായ ചികിത്സ പൊതുജനങ്ങൾക്ക് ഉറപ്പാക്കുന്നു. മാതൃശിശു ആരോഗ്യ രംഗത്തെ നേട്ടങ്ങൾ, പ്രതിരോധ കുത്തിവെയ്പ്പ്, സാംക്രമിക രോഗ നിയന്ത്രണം, അടിയന്തര ആരോഗ്യ സാഹചര്യങ്ങളിലെ സമയബന്ധിത ഇടപെടൽ എന്നിവ ദേശീയതലത്തിൽ കേരളത്തിലെ ആരോഗ്യ രംഗത്തെ മികച്ചതാക്കി മാറ്റി. മാതൃശിശു ആരോഗ്യ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ, പ്രധാനമായും കുറഞ്ഞ മാതൃ-ശിശു മരണനിരക്ക് കേരളത്തിലെ ആരോഗ്യ ചികിത്സാമേഖലയുടെ പ്രവർത്തന മികവിനെ ദേശീയ തലത്തിൽ ശ്രദ്ധ നേടാൻ കാരണമായിട്ടുണ്ട്. സാംക്രമിക രോഗ നിയന്ത്രണത്തിൽ വിശേഷിച്ചും കോവിഡ്-19, നിപ പോലുള്ള അടിയന്തര ഘട്ടങ്ങളിൽ പോലും കേരളത്തിലെ ആരോഗ്യ രംഗം വളരെ ഫലപ്രദമായി കൈകാര്യം ചെയ്തത്, നിപ മരണങ്ങൾ കുറച്ചു കൊണ്ടുവന്നത് ഒക്കെയും ദേശീയ ശ്രദ്ധ നേടിയ വിഷയങ്ങളാണ്. സംസ്ഥാനത്തെ ചില ജനറൽ/ജില്ല ആശുപത്രികളിൽ നടത്തിയ അതിസങ്കീർണ്ണമായ ശസ്ത്രക്രിയകൾ ദേശീയ ശ്രദ്ധ നേടിയ വിഷയങ്ങളാണ്. വിശദാംശങ്ങൾ അനുബന്ധം** I ആയി **ചേർക്കുന്നു.** |
| (ബി) | ആരോഗ്യ പരിചരണത്തിലും പോഷകാഹാര ലഭ്യതയിലും കേരളം മുന്നിലാണെന്ന് ദേശീയ സാമൂഹ്യ പുരോഗതി റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേന്ദ്ര സർക്കാർ പുറത്തിറക്കിയ സാമൂഹ്യ പുരോഗതി സൂചികയിൽ പോഷകാഹാരം, പൊതുജനാരോഗ്യം എന്നീ മേഖലകളിൽ 67.68 സ്കോറോടുകൂടി കേരളം ഒന്നാം സ്ഥാനത്ത് എത്തിയിട്ടുണ്ട്. ദേശീയ ശരാശരി 49.22 ആണ്. കേരളത്തിന്റെ ഈ മികച്ച നേട്ടത്തിന് |

ആധാരമായത് കുറഞ്ഞ മാതൃശിശു മരണ നിരക്ക് വിളർച്ച നിയന്ത്രണം, കുട്ടികൾക്കു നൽകുന്ന മികച്ച പോഷണം തുടങ്ങിയ കാര്യങ്ങളാലാണ്. ഇന്ത്യയിലെ സംസ്ഥാനങ്ങൾക്കും ജില്ലകൾക്കുമുള്ള സോഷ്യൽ പ്രോഗ്രസ്സ് ഇൻഡക്സ് ദേശീയ പുരോഗതി റിപ്പോർട്ടുകളിൽ ആരോഗ്യ സംരക്ഷണത്തിലും പോഷകാഹാര ലഭ്യതയിലും കേരളം ശക്തമായി നിൽക്കുന്നു. പോഷകാഹാരം, ആരോഗ്യ പരിചരണം എന്നിവയിൽ കേരളത്തിലെ എല്ലാ ജില്ലകളും ദേശീയ ശരാശരിയെക്കാളും മുന്നിലാണ്. സ്ത്രീകളിലെ വിളർച്ച പിടിച്ചുനിർത്താൻ കേരളത്തിന് സാധിച്ചതും ഏറ്റവും കുറഞ്ഞ മാതൃശിശു മരണനിരക്കും ഈ രംഗത്ത് സംസ്ഥാനത്തെ മുന്നിലെത്തിച്ചു. കുട്ടികളിലെ പോഷകാഹാര ലഭ്യതയിൽ കേരളം വളരെയേറെ പുരോഗതി കൈവരിച്ചിട്ടുണ്ട്. കുട്ടികൾക്ക് പോഷകസമ്പുഷ്ടമായ ഭക്ഷണം അംഗൻവാടികളിലൂടെ ഉറപ്പുവരുത്തുന്നതിനായി "പോഷക ബാല്യം" എന്ന പദ്ധതിയിലൂടെ 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ആഴ്ചയിൽ മൂന്ന് ദിവസം പാലും, മൂന്നുദിവസം മുട്ടയും നൽകുന്നുണ്ട്. അതിനോടൊപ്പം സൂക്ഷ്മ പോഷകങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിലേക്കായി പച്ചക്കറികൾ, കാലാനുസൃതമായി ലഭ്യമാകുന്ന പഴങ്ങൾ എന്നിവ കൂടി ഉൾപ്പെടുത്തി മെനു പരിഷ്കരിക്കുകയും അതോടൊപ്പം അനുപൂരക പോഷകാഹാര പദ്ധതി പ്രകാരം ആറുമാസം മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്കും, ഗർഭിണികൾക്കും, പാലൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം ലഭ്യമാക്കുകയും ചെയ്തു വരുന്നു. അംഗൻവാടികളിലൂടെ നൽകുന്ന ഫോർട്ടിഫൈഡ് അരിയിൽ വിറ്റാമിൻ B12, അയൺ, ഫോളിക് ആസിഡ് എന്നിവ അടങ്ങിയിരിക്കുന്നതിനാൽ ഇവയുടെ അപര്യാപ്തത കുറയ്ക്കുന്നതിലും പ്രധാന പങ്കുവഹിക്കുന്നു.

അതോടൊപ്പം ആസ്പിറേഷണൽ ജില്ലയായ വയനാട്ടിൽ 14 മുതൽ 18 വരെ വയസ്സുള്ള കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാരം നൽകി വരുന്നു. ഇതിനു പുറമേ എൽ എസ് ജി ഡി തനത് ഫണ്ട് ഉപയോഗിച്ചും പോഷകാഹാര ലഭ്യത ഉറപ്പാക്കുന്നുണ്ട് നിലവിൽ നൽകിവരുന്ന അമൃതം ന്യൂട്രീമിക്സ് 11 സൂക്ഷ്മപോഷകങ്ങൾ ഉൾപ്പെടുത്തി ഫോർട്ടി ഫൈഡ് ചെയ്ത് നൽകിവരുന്നു . സൂക്ഷ്മ പോഷക അപര്യാപ്തത കുറയ്ക്കാൻ ഇവയെല്ലാം സഹായകമാകുന്നു. മേൽ പ്രവർത്തനങ്ങൾ ആരോഗ്യ പരിചരണത്തിലും പോഷകാഹാര ലഭ്യതയിലും കേരളം മുന്നിലെത്തുന്നതിന് സഹായിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | പോഷകാഹാര ലഭ്യത സംബന്ധമായ പദ്ധതികൾ മെച്ചപ്പെടുത്താനും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിലും കേരള സർക്കാർ വളരെയധികം പ്രാധാന്യം നൽകി വരുന്നു. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ ഏതെല്ലാം സർക്കാർ ആശുപത്രികൾക്കാണ് ലക്ഷ്യ സർട്ടിഫിക്കേഷനും മുസ്കാൻ സർട്ടിഫിക്കേഷനും ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത സർട്ടിഫിക്കേഷൻ ലഭിക്കുന്നതിലേയ്ക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വിശദമാക്കാമോ? | (ഡി) | വിശദാംശങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

കേരളത്തിലെ സർക്കാർ ആശുപത്രികൾ ആരോഗ്യ സംരക്ഷണ മേഖലയ്ക്ക് ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. കേരളത്തിലെ ഉയർന്ന റാങ്കുകൾ, ഗുണനിലവാരത്തിലും പ്രകടനത്തിലുമുള്ള പൊതുഅംഗീകാരങ്ങൾ എന്നിവ നേടിയെടുക്കുന്നതിൽ കേരളത്തിലെ സർക്കാർ ആശുപത്രികൾ ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. കേരളം ആരോഗ്യ രംഗത്ത് നടത്തുന്ന മികച്ച പ്രവർത്തനത്തനങ്ങളുടെ നേട്ടമാണിത്. മാതൃശിശു സംരക്ഷണത്തിന് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളുടേയും നിലവാരം ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചു.

രാജ്യത്ത് ആദ്യമായി മാതൃശിശു സൗഹൃദ അശുപത്രി ഇനിഷ്യേറ്റീവ് പദ്ധതി നടപ്പിലാക്കി. ജന്മനായുള്ള വൈകല്യങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നതിനായി പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളിലും സമഗ്ര ന്യൂബോൺ സ്ക്രീനിംഗ് പദ്ധതി നടപ്പിലാക്കി.

കേരളത്തിലെ ശിശു മരണനിരക്ക് 5 ആണെന്നാണ് ഏറ്റവും പുതിയ സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത്. ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ ശിശു മരണ നിരക്കാണിത്. 25 ആണ് ദേശീയ ശരാശരി. അമേരിക്കൻ ഐക്യനാടുകളിലെ ശിശു മരണ നിരക്ക് 5.6 ആണ്. വികസിത രാജ്യത്തിനും താഴെയാണ് ഇപ്പോൾ കേരളത്തിലെ ശിശു മരണനിരക്ക്.

കേരളത്തിലെ നവജാത ശിശു മരണ നിരക്ക് 4 ൽ താഴെയാണ്. ദേശീയ തലത്തിൽ 18 ഉള്ളപ്പോഴാണ് കേരളം 4 ൽ എത്തിയത്. ഇത് വികസിത രാജ്യങ്ങൾക്ക് തുല്യമാണ്. 2021 ലെ ശിശു മരണനിരക്കായ 6 ൽ നിന്നാണ് മികച്ച പ്രവർത്തനങ്ങളിലൂടെ 5 ആക്കി കുറയ്ക്കാനായത്. 2023-ൽ 1,000 കുഞ്ഞുങ്ങളിൽ 5 മരണങ്ങൾ എന്ന ശിശു മരണനിരക്ക് രേഖപ്പെടുത്തിക്കൊണ്ടാണ് കേരളം പൊതുജനാരോഗ്യ രംഗത്ത് ശ്രദ്ധേയമായ മറ്റൊരു നാഴികക്കല്ല് കൈവരിച്ചത്. കേരളത്തിന്റെ ആരോഗ്യ രംഗത്തെ മികവിനെ കേന്ദ്ര നീതി ആയോഗിന്റെ റിപ്പോർട്ടുകളിൽ ഉൾപ്പെടെ പ്രത്യേകം എടുത്ത് പറഞ്ഞിട്ടുണ്ട്.

കുഞ്ഞുങ്ങളിൽ ജന്മനായുള്ള ഹൃദയ വൈകല്യങ്ങളെ കണ്ടെത്തി സൗജന്യമായി ചികിത്സിക്കുന്ന ഹൃദ്യം പദ്ധതി വിജയകരമായി തുടരുന്നു. ഇതുവരെ 8813 കുഞ്ഞുങ്ങൾക്കാണ് സൗജന്യ ഹൃദയ ശസ്ത്രക്രിയ നടത്തിയത്. കുഞ്ഞുങ്ങളുടെ ആദ്യ 1000 ദിനങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകി ശാരീരികവും മാനസികവുമായ പരിചരണം ഉറപ്പാക്കി. പ്രസവശേഷം അമ്മയേയും കുഞ്ഞിനേയും വാഹനത്തിൽ സൗജന്യമായി വീട്ടിലെത്തിക്കുന്ന മാതൃയാനം പദ്ധതി പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും നടപ്പിലാക്കി. അപൂർവ-ജനിതക രോഗങ്ങൾക്ക് സൗജന്യ ചികിത്സ നൽകുക വഴി അതുമൂലമുള്ള മരണങ്ങളും കുറയ്ക്കാൻ സാധിച്ചു. കേരളത്തിൽ നഗര ഗ്രാമ വ്യത്യാസം ഇല്ലാതെ മരണനിരക്ക് ഒരുപോലെ കുറയ്ക്കാനായി. കേരളത്തിന്റെ നിരക്കിൽ ഗ്രാമ നഗര വ്യത്യാസമില്ല. ആദിവാസി, തീരദേശ മേഖലകളിലുൾപ്പെടെ ഈ സർക്കാരിന്റെ കാലത്ത് നവജാത ശിശു തീവ്രപരിചരണ യൂണിറ്റുകൾ സജ്ജമാക്കിയിട്ടുണ്ട്. ആരോഗ്യ സേവനങ്ങൾ നഗര ഗ്രാമ വ്യത്യാസമില്ലാതെ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കുന്നു എന്നതിന്റെ തെളിവ് കൂടിയാണിത്.

**<u>ദേശീയ ഗുണനിലവാര സർട്ടിഫിക്കേഷനുകൾ</u>**

നാളിതുവരെ 290 ആശുപത്രികൾ എൻ.ക്യു.എ.എസ്. അംഗീകാരവും 93 ആശുപത്രികൾ പുനഃഅംഗീകാരവും നേടി. 9 ജില്ലാ ആശുപത്രികൾ, 8 താലൂക്ക് ആശുപത്രികൾ, 14 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 47 അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, 172 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, 40 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവയാണ് എൻ.ക്യു.എ.എസ് അംഗീകാരം നേടിയെടുത്ത ആശുപത്രികൾ. നാളിതുവരെ കേരളത്തിൽ 17 ആശുപത്രികൾക്ക് (ലേബർ റൂം 17 ആശുപത്രികൾക്ക് മറ്റേർണിറ്റി ഓ ടി 16

ആശുപത്രികൾക്ക്) ലക്ഷ്യ അംഗീകാരവും 4 ആശുപത്രികൾ ലക്ഷ്യ പുനഃഅംഗീകാരവും നേടി.3 മെഡിക്കൽ കോളേജുകൾ, 10 ജില്ലാ ആശുപത്രികൾ, 4 താലൂക്കാശുപത്രികൾ എന്നിവയാണ് ലക്ഷ്യ സെർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ള ആശുപത്രികൾ നാളിതുവരെ കേരളത്തിൽ 7 ആരോഗ്യ സ്ഥാപനങ്ങൾക്ക് മുസ്കാൻ (MusQan) അംഗീകാരം ലഭിച്ചു. 2 മെഡിക്കൽ കോളേജ് 5 ജില്ലാ ആശുപത്രികൾ എന്നിവയ്ക്കാണ് (MusQan) സെർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ളത്.

ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് നിരവധി പ്രധാന സൂചികകളിൽ കേരളം ഒന്നാം സ്ഥാനത്ത് എത്തിയിട്ടുണ്ട്. പ്രധാന ദേശീയ സൂചികകളും അവയുമായി ബന്ധപ്പെട്ട വിശദീകരണവും ചുരുക്കമായി ചുവടെ ചേർക്കുന്നു.

<u>ദേശീയ ഇൻഡക്സുകളിൽ ഒന്നാം സ്ഥാനം.</u>

NITI Aayog State Health Index (Health Outcomes, Governance, Key Processes എന്നിവ ഉൾപ്പെടുന്ന ആരോഗ്യ പ്രകടന സൂചികയിൽ വലിയ സംസ്ഥാനങ്ങളെ അപേക്ഷിച്ച് തുടർച്ചയായി നാല് റിപ്പോർട്ട് റൗണ്ടുകളിലും (മെച്ചപ്പെട്ട ആരോഗ്യ ഫലങ്ങൾ, ഭരണം, പ്രോസസ്സ് സൂചികകൾ) കേരളം ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്

* NITI Aayog പുറത്തിറക്കുന്ന SDG India Index ൽ SDG 3 (Good Health & Well-being) സൂചികയിൽ ആദ്യ രണ്ടു റിപ്പോർട്ടുകളിൽ കേരളം ദേശീയതലത്തിൽ ഒന്നാം സ്ഥാനം കൈവരിച്ചിട്ടുണ്ട്.

* മുഴുവൻ SDG കളുടെ സംയുക്ത സ്കോറിൽ (overall SDG composite index) കേരളം തുടർച്ചയായി രാജ്യത്തിൽ ഒന്നാം സ്ഥാനം നിലനിർത്തുന്നു. ഇതിൽ ആരോഗ്യ മേഖലയിലെ മികച്ച പ്രകടനവും ഉൾപ്പെട്ടിരിക്കുന്നു. കൂടാതെ വ്യക്തിഗത ആരോഗ്യ സൂചികകളിൽ (SDG 3 ബന്ധപ്പെട്ട്) ദേശീയതലത്തിൽ ഒന്നാം സ്ഥാനംവും കൈവരിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ NITI Aayog ന്റെ SDG 3 ഇൻഡക്സ് പ്രകാരം, താഴെ പറയുന്ന പ്രത്യേക ആരോഗ്യ സൂചികകളിൽ കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്ത് എത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

* Maternal Mortality Rate (MMR) – മാതൃമരണ നിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനം

* Under 5 Mortality Ratio (U5MR) – അഞ്ചു വയസ്സിന് താഴെയുള്ള ശിശുമരണ നിരക്ക് (Under 5 Mortality) ഏറ്റവും കുറവുള്ള സംസ്ഥാനം.

*HIV Incidence – പുതിയ HIV ഇൻഫെക്ഷൻ നിരക്ക് (incidence) ഏറ്റവും കുറഞ്ഞ സംസ്ഥാനങ്ങളിലെ SDG 3 സൂചികയിൽ കേരളം ഒന്നാമതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

* Life Expectancy at birth – ജനന സമയം പ്രതീക്ഷിക്കാവുന്ന ആയുസ് (Life Expectancy) ദേശീയ ശരാശരിയെക്കാളും ഏറെ ഉയർന്നതും, SDG 3 ഇൻഡക്സിൽ ഈ സൂചികയിൽ കേരളം ഒന്നാം സ്ഥാനത്തുമാണ്. കൂടാതെ Health worker density പരിശോധിക്കുകയാണെങ്കിൽ ജനസംഖ്യയ്ക്ക് ആനുപാതികമായ ആരോഗ്യപ്രവർത്തകരുടെ സാന്ദ്രത (ഡോക്ടർമാർ, നഴ്സുമാർ തുടങ്ങിയവരുടെ എണ്ണം/10,000 population) ഏറ്റവും

ഉയർന്ന സംസ്ഥാനമായി കേരളം ഒന്നാം സ്ഥാനത്താണ്.

മറ്റ് പ്രധാന മികച്ച സൂചികകൾ

* Infant Mortality Rate (IMR)- ശിശുമരണ നിരക്ക് ദേശീയതലത്തിൽ ഏറ്റവും കുറവുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.

* Total Fertility Rate (TFR) പുനഃരുത്പാദന നിലയിൽ (replacement level) താഴെയായി വളരെ നേരത്തെയെത്തിയ സംസ്ഥാനമായി. MDG/SDG ലക്ഷ്യങ്ങൾ ആരോഗ്യമേഖലയിൽ ഏറ്റവുമാദ്യം കൈവരിച്ച സംസ്ഥാനത്തിലൊന്നായി ദേശീയ റിപ്പോർട്ടുകളിൽ പരാമർശമുണ്ട്. കേരളം SDG 3 ൽ 11 സൂചികകളിൽ 5 എണ്ണത്തിൽ (MMR, U5MR, HIV incidence, Life Expectancy, Health worker density) 2023-24 ൽ തുടർന്നും ഒന്നാം സ്ഥാനം നിലനിർത്തിയെങ്കിലും മൊത്തം സ്കോറിൽ നാലാം സ്ഥാനത്താണ്. (പുതിയ സൂചികകൾ suicide rate: 28.5/lakh, accident death എന്നിവ കാരണം) NITI Health Index 2020-21 larger states ൽ absolute performance ൽ ഒന്നാമതാണ് കേരളം.

* ക്ഷയരോഗ ബാധിതരുടെ എണ്ണത്തിൽ ഏറ്റവും കുറവ് രോഗികകളുടെ എണ്ണത്തിൽ സംസ്ഥാനങ്ങളുടെ തലത്തിൽ 2021 ലും 2022 ലും ഏറ്റവും ഉയർന്ന അവാർഡ് ലഭിച്ചത് കേരളത്തിനാണ്.

1. ആശുപത്രിയിലെ പ്രസവം - പ്രസവ സമയത്ത് പ്രൊഫഷണൽ പരിചരണം ഉറപ്പാക്കികൊണ്ട് സംസ്ഥാനത്ത് ഏതാണ്ട് , സാർവ്വത്രികമായ ആശുപത്രി പ്രസവം (Institutional Deliveries) 99.85% ആയി നിലനിർത്തുന്നു.

2. എച്ച്.ഐ.വി ബാധിതരുടെ എണ്ണം - 1,000 പേരിൽ 0.01 ആയി എച്ച്.ഐ.വി ബാധിച്ചിട്ടില്ലാത്തവരെ കുറയ്ക്കുന്നതിൽ കേരളം പുരോഗതി കൈവരിച്ചു. കഴിഞ്ഞ സൂചിക റൗണ്ടിൽ ഇത് 0.02 ആയിരുന്നു.

3. ആരോഗ്യ പ്രവർത്തക സാന്ദ്രത - ഏറ്റവും ഉയർന്ന തൊഴിൽ മെഡിക്കൽ സാന്ദ്രത കേരളത്തിലാണ്. 10,000 ജനസംഖ്യയിൽ 144 ഫിസിഷ്യൻമാർ, നഴ്സുമാർ, മിഡ് വൈഫുകൾ എന്നിവരാണുള്ളത്. മുൻ റൗണ്ടിൽ ഇത് 115 ആയിരുന്നു.

**മലബാർ ക്യാൻസർ സെന്റർ**

1. എല്ലാ ലബോറട്ടറികൾക്കും നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബറേഷൻ ലബോറട്ടറീസിന്റെ (എൻ.എ.ബി.എൽ) അംഗീകാരം (22.08.2023)
2. നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആൻഡ് ഹെൽത്ത് കെയർ പ്രൊവൈഡേർസിന്റെ (എൻ.എ.ബി.എച്ച് ) പുനരംഗീകാരം (31.08.2023),
3. മിനിസ്ട്രി ഓഫ് ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയറിന്റെ ഈറ്റ് റൈറ്റ് കാമ്പസ് അംഗീകാരം (08.11.2023)
4. നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആൻഡ് ഹെൽത്ത് കെയർ പ്രൊവൈഡേർസിന്റെ (എൻ.എ.ബി.എച്ച് ) ഡിജിറ്റൽ ഹെൽത്ത് സിൽവർ ലെവൽ അക്രഡിറ്റേഷൻ (13.09.2024)
5. കോശങ്ങളെ ജനിതക വ്യതിയാനം വരുത്തി തുടർ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന

ചികിത്സാ രീതിയായ CAR -T സെൽ തെറാപ്പി 19.07.2024 ന പ്രവർത്തനമാരംഭിച്ചു. ഇതുവരെയായി 5 CAR -T സെൽ തെറാപ്പി ചെയ്തു കഴിഞ്ഞു.

**സ്റ്റേറ്റ് ഹെൽത്ത് ഏജൻസി**

സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ നേതൃത്വത്തിൽ ആയുഷ്മാൻ ഭാരത്-പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന/കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP), കാരുണ്യ ബെനവലന്റ് ഫണ്ട് (KBF), ആരോഗ്യകിരണം, ശ്രുതിതരംഗം എന്നീ ആരോഗ്യ ആനുകൂല്യ പദ്ധതികൾ സർക്കാർ ആശുപത്രികളിലൂടെ നടപ്പിലാക്കിവരുന്നു. KASP, KBF പദ്ധതികളുടെ സേവനങ്ങൾ കുറഞ്ഞത് 10 കിടക്കകളുള്ള എംപാനൽ ചെയ്ത സർക്കാർ ആശുപത്രികളിൽ ലഭ്യമാകുന്നു. ആരോഗ്യകിരണം പദ്ധതിയുടെ സേവനങ്ങൾ പ്രാഥമികതലം മുതൽ തൃതീയതലം വരെ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. മരുന്ന്, എക്സ്റേ, സി.ടി. സ്കാൻ ഉൾപ്പെടെയുള്ള ചികിത്സാ സേവനങ്ങൾ KASP പദ്ധതിയിലെ നിർദ്ദിഷ്ട പാക്കേജുകളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് പണരഹിതമായി ലഭ്യമാക്കുന്നു. സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് ലഭിച്ച ദേശീയ പുരസ്കാരങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ഹെൽത്ത്കെയർ എക്സലൻസ് അവാർഡ് 2020 ഓഗസ്റ്റ് 21 എലൈറ്റ്സ് ഹെൽത്ത്കെയർ ട്രാൻസ്ഫോർമേഷൻ സമ്മിറ്റ് (പ്രോജക്ട് : AB PMJAY KASP-യുമായി KBF-ന്റെ സംയോജനം)
2) ഗവേണൻസ് നൗ ഡിജിറ്റൽ ഇന്നൊവേഷൻ ഫോർ ഹെൽത്ത്കെയർ ട്രെയിനിംഗ് നാലാമത്തെ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് 2020 (പ്രോജക്ട് - AB PMJAY KASP-യുമായി KBF-ന്റെ സംയോജനം).
3) APAC ഹെൽത്ത്കെയർ ഇംപാക്ട് അവാർഡ് 2022 APAC 4th ഹെൽത്ത് ടെക് ഇന്നൊവേഷൻ കോൺക്ലേവ് (പ്രോജക്ട്: ഹെൽത്ത്കെയർ മേഖലയിലെ നേതൃത്വപരമായ പങ്ക്)
4) ആരോഗ്യ മന്ഥൻ 2021 - ആയുഷ്മാൻ ഉത്കൃഷ്ടത പുരസ്കാരം 2021 - ഏറ്റവും ഉയർന്ന ആശുപത്രിവാസ നിരക്കുള്ള മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനം (വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ)
5) ആരോഗ്യ മന്ഥൻ 2022 - ആയുഷ്മാൻ ഉത്കൃഷ്ടത പുരസ്കാരം - ഏറ്റവും മികച്ച സ്കീം (AB PM-JAY) വിനിയോഗത്തിന് മികച്ച പ്രകടനം നടത്തുന്ന സംസ്ഥാനം (വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ )
6) ഇൻഡിഗ്ലോബൽ ഹെൽത്ത് കെയർ സമ്മിറ്റ് 2022 കാരുണ്യ ബെനവലന്റ് ഫണ്ട് (കെബിഎഫ്) പദ്ധതിക്ക് കേരള സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുള്ള എക്സലൻസ് അവാർഡ്.
7) ആരോഗ്യ മന്ഥൻ 2023 - ആയുഷ്മാൻ ഉത്കൃഷ്ടത അവാർഡ് 2023.

a) PM-JAY (ഒക്ടോബർ 2022 മുതൽ സെപ്റ്റംബർ 2023 വരെ) പദ്ധതിയിൽ നൂതന ആശയങ്ങൾ നടപ്പിലാക്കിയതിന്. (കാഴ്ചപരിമിതർക്കായുള്ള ആരോഗ്യ ഇൻഷുറൻസ് കാർഡിന് ദേശീയ അംഗീകാരം)
b) AB PM- JAY-ക്ക് കീഴിൽ 1000 ഗുണഭോക്താക്കൾ ഏറ്റവും കൂടുതൽ കിടക്കകൾ എംപാനൽ ചെയ്ത സംസ്ഥാത്തിനുള്ള അവാർഡ്.
c) AB PM-JAY KASP (വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ) ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള അവാർഡ്.
d) AB PM-JAY KASP-ന് പദ്ധതിയിൽ കുറഞ്ഞത് ഒരു ആയുഷ്മാൻ കാർഡ് എങ്കിലുമുള്ള 90 % കുടുംബങ്ങൾക്ക് മുകളിലുള്ള സംസ്ഥാനം.
e) AB PM-JAY KASP പ്രകാരം അനുവദിച്ച തുക പൂർണ്ണമായും വിനിയോഗം നടത്തിയ സംസ്ഥാനത്തിനുള്ള അവാർഡ്.

8) ഗവേണൻസ് നൗ പിഎസ്‌യു ഐടി അവാർഡുകൾ 2023 - മികച്ച ഐ.ടി സംവിധാനം നടപ്പാക്കൽ (ആരോഗ്യകിരണം പദ്ധതിയുടെ ഡിജിറ്റലൈസേഷൻ) എന്ന വിഭാഗത്തിന്

കീഴിൽ.

**കെ.എം.എസ്.സി.എൽ**

കെ.എം.എസ്.സി.എൽ വഴി അവശ്യ മരുന്ന പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും, എന്നാൽ രോഗചികിത്സയ്ക്ക് അത്യന്താപേക്ഷിതവുമായതും സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഉപയോഗിച്ച വരുന്നതുമായ വിലകൂടിയ ചിലയിനം മരുന്നുകൾ ഉൾപ്പെടുത്തി സ്പെഷ്യാലിറ്റി മരുന്ന പട്ടിക തയ്യാറാക്കി പ്രസ്തുത മരുന്നുകൾ കൂടി സംഭരിച്ച സൗജന്യമായി വിതരണം നടത്തിയതിലൂടെ സർക്കാർ ആശുപത്രികളെ മാത്രം സമീപിക്കുന്ന പാവപ്പെട്ട രോഗികളുടെ ചികിത്സാ ചെലവു കുറയ്ക്കുന്നതിന് സാധിച്ചു. മെച്ചപ്പെട്ട സേവനവും, ഗുണനിലവാരമുള്ള മരുന്നുകളും നൽകി ആർദ്രം പദ്ധതി നടപ്പിലാക്കിയതിലൂടെ സർക്കാർ ആശുപത്രികളെ സമിപീക്കുന്ന രോഗികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവിന് ആനുപാതികമായി ദർഘാസ് വ്യവസ്ഥകൾക്കു അനുസൃതമായി അധിക മരുന്നുകൾ സംഭരിച്ച നൽകിയത് ആരോഗ്യചികിത്സാ മേഖലയിൽ പ്രവർത്തന മികവിന് മുതൽക്കൂട്ടായിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്കാവശ്യമായ സൗജന്യ മരുന്ന വിതരണ പ്രക്രിയയിൽ ഉപയോഗിച്ചുവന്നിരുന്ന കേന്ദ്രീകൃത സോഫ്റ്റ്‌വെയറായ ഡി.ഡി.എം.എസ്.സോഫ്റ്റ്‌വെയറിന്റെ ഉപയോഗം പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് തലം വരെ വ്യാപിപ്പിച്ചതിലൂടെ സർക്കാർ ആശുപത്രികളിലെ മരുന്നുകളുടെ ഉപഭോഗവും സ്റ്റോക്കു വിവരങ്ങളും നിരീക്ഷിക്കുന്നതിനും, അവശ്യമരുന്നുകളുടെ ദൗർലഭ്യം നേരിടാതിരിക്കുന്നതിനും സഹായകമായിട്ടുണ്ട്. കൂടാതെ കിഫ്ബി മുഖാന്തിരം 44 ഡയാലിസിസ് യൂണിറ്റുകൾ, 9 കാത്ത് ലാബുകൾ, 49 ഐസൊലേഷൻ വാർഡുകൾ എന്നിവ പൂർത്തീകരിച്ച് രോഗികൾ പ്രയോജനപ്പെടുത്തി വരുന്നു. ഇതിനുപുറമെ 26 പുതിയ ആശുപത്രി മന്ദിരങ്ങളിലേയ്ക്ക് ഉപകരണങ്ങളും ആശുപത്രി ഫർണിച്ചറുകളും (ഐ.സി.യു.കോട്ട്, ഇരുമ്പ് കട്ടിൽ, സർജൻസ് സ്റ്റൂൾ, ഫൂട്ട് സ്റ്റെപ്പ് തുടങ്ങിയവും)വിതരണം നടത്തിവരുന്നു. ഇത്തരത്തിൽ അവശ്യമരുന്നുകൾക്കു പുറമെ, സ്പെഷ്യാലിറ്റി മരുന്നുകൾ, അർബുദരോഗ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ തുടങ്ങിയവ ഉൾപ്പെടെ പ്രതിവർഷം ആയിരം കോടിയിൽപ്പരം രൂപ മൂല്യം വരുന്ന മരുന്നുകൾ സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിലൂടെ സൗജന്യമായി വിതരണം നടത്തി സംസ്ഥാനത്തെ സർക്കാർ ആരോഗ്യ ചികിത്സാ മേഖലയുടെ പ്രവർത്തന മികവ് ദേശീയ തലത്തിൽ ശ്രദ്ധ നേടത്തക്ക തരത്തിൽ ഉയർത്തിക്കൊണ്ടുവരുന്നതിന് സാധിച്ചിട്ടുണ്ട്.

**ഭാരതീയ ചികിത്സാ വകുപ്പ്**

ഭാരതീയ ചികിത്സാ വകുപ്പിൽ ഡിജിറ്റലൈസേഷന്റെ ഭാഗമായിട്ടുള്ള ഇ-ഹോസ്പിറ്റൽ സംവിധാനം 240 സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി അവയെ ജനസൗഹൃദ സ്ഥാപനങ്ങളായി പരിവർത്തനം ചെയ്യുന്നതിന്റെ ഭാഗമായി ഈ വകുപ്പിലെ 420 സ്ഥാപനങ്ങളെ ആയുഷ് ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളായി ഉയർത്തുകയും അതിൽ 148 ആയുഷ് ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകൾക്ക് NABH അംഗീകാരം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഈ വകുപ്പിന് കീഴിലുള്ള 131 ആശുപത്രികളിൽ രോഗനിർണ്ണയത്തിനായി 51 ആശുപത്രിയിലും, ഒരു ഡിസ്പെൻസറിയിലും ലാബ് സൗകര്യവും, 20 ആശുപത്രികളിൽ എക്സ്-റേ സൗകര്യവും നിലവിലുണ്ട്.

**നാഷണൽ ഹെൽത്ത് മിഷൻ:** സംസ്ഥാനത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ വ്യാപിച്ച ശക്തമായ സർക്കാർ ആശുപത്രി ശൃംഖല ഗുണമേന്മയുള്ളതും ചെലവുകുറഞ്ഞതുമായ ചികിത്സ പൊതുജനങ്ങൾക്ക് ഉറപ്പാക്കുന്നു. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയതും, താലൂക്ക് മുതൽ മെഡിക്കൽ കോളേജുകൾ വരെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കി സേവനങ്ങൾ ഒരുക്കിയതും കേരളത്തിലെ ആരോഗ്യപരിചരണം മെച്ചപ്പെടുത്തുന്നതിന്റെ ഉദാഹരണങ്ങളാണ്. മാതൃ-ശിശു ആരോഗ്യ

രംഗത്തെ നേട്ടങ്ങൾ, പ്രതിരോധ കുത്തിവയ്പ്പ്. സാംക്രമിക രോഗ നിയന്ത്രണം, അടിയന്തര ആരോഗ്യ സാഹചര്യങ്ങളിലെ സമയബന്ധിത ഇടപെടൽ എന്നിവ ദേശീയതലത്തിൽ കേരളത്തിലെ ആരോഗ്യരംഗത്തെ മികച്ചതാക്കി മാറ്റി. മാതൃ-ശിശു ആരോഗ്യ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ, പ്രധാനമായും കുറഞ്ഞ മാതൃ-ശിശു മരണനിരക്ക് കേരളത്തിലെ ആരോഗ്യ ചികിത്സാ മേഖലയുടെ പ്രവർത്തന മികവിനെ ദേശീയ തലത്തിൽ ശ്രദ്ധ നേടാൻ കാരണമായിട്ടുണ്ട്. സാംക്രമിക രോഗ നിയന്ത്രണത്തിൽ വിശേഷിച്ചും കോവിഡ് -19, നിപാ പോലുള്ള അടിയന്തിര ഘട്ടങ്ങളിൽ പോലും കേരളത്തിലെ ആരോഗ്യരംഗം വളരെ ഫലപ്രദമായി കൈകാര്യം ചെയ്തത്, നിപാ മരണങ്ങൾ കുറച്ചു കൊണ്ട് വന്നത്, എന്നിവയും ദേശീയ ശ്രദ്ധ നേടിയ വിഷയങ്ങളാണ്. അടുത്തിടെയായി സംസ്ഥാനത്തെ ചില ജനറൽ/ ജില്ലാ ആശുപത്രികളിൽ നടത്തിയ അതി സങ്കീർണ്ണമായ ശസ്ത്രക്രിയകൾ ദേശീയ ശ്രദ്ധ നേടിയ വിഷയങ്ങളാണ്. കാൻസർ സ്ക്രീനിംഗ് കാമ്പയിൻ പോലെ വലിയ കാമ്പയിനുകൾ ആവിഷ്കരിക്കാൻ കഴിഞ്ഞതും നിരവധി ആളുകളെ അതിന്റെ ഭാഗമായി മാറ്റാൻ സാധിച്ചതും ആരോഗ്യപരിചരണത്തിൻ്റെ കേരള മാതൃകകൾ ആണ്.

**ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ** വകുപ്പിൽ പ്രതിദിനം ശരാശരി 1000 ത്തിലധികം രോഗികൾ ഒ.പി (Out-Patient) വിഭാഗത്തിൽ ചികിത്സ തേടുന്നു. വർഷത്തിൽ 5000-ലധികം രോഗികൾക്ക് കിടത്തിചികിത്സ (In-Patient) നൽകിവരുന്നു. മികച്ച ശുശ്രൂഷയും പരിചരണവുമാണ് ഐ.പി വിഭാഗത്തിന്റെ പ്രത്യേകത. വിവിധ രോഗങ്ങൾക്കായി പ്രത്യേക വകുപ്പുകൾക്ക് കീഴിൽ സ്പെഷ്യൽ ഒ.പി.കൾ പ്രവർത്തിക്കുന്നു. ഇത് രോഗികൾക്ക് ഓരോ വിഭാഗത്തിലും വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നു

മുതിർന്ന പൗരന്മാർക്കായി സജ്ജീകരിച്ചിരിക്കുന്ന പ്രത്യേക സംവിധാനങ്ങൾ ഈ ആശുപത്രിയെ വേറിട്ടു നിർത്തുന്നു.

ആയുർവേദത്തെ ശാസ്ത്രീയമായി സമീപിക്കുന്നതിനും രോഗനിർണ്ണയം കൃത്യമാക്കുന്നതിനും അത്യാധുനിക സംവിധാനങ്ങൾ ഉണ്ട്. ആയുർവേദ ഗവേഷണങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക ഒ.പി.കൾ പ്രവർത്തിക്കുന്നു. ഇത് പുതിയ ചികിത്സാരീതികൾ വികസിപ്പിക്കുന്നതിനും ആയുർവേദത്തിന്റെ ശാസ്ത്രീയ അടിത്തറ വിപുലപ്പെടുത്തുന്നതിനും സഹായിക്കുന്നു. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ലാബോറട്ടറി, ആധുനിക എക്സ്-റേ (X-Ray) യൂണിറ്റ് എന്നിവ ചികിത്സാ നടപടികൾക്ക് കരുത്തേകുന്നു.

ആയുർവേദത്തിന്റെ തനിമയും ശാസ്ത്രീയതയും നേരിട്ടറിയുന്നതിനായി വിദേശ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളും ഗവേഷകരും ആശുപത്രി സന്ദർശിക്കാൻ വലിയ താല്പര്യം പ്രകടിപ്പിക്കുന്നു. കൂടാതെ വിദേശ സർവ്വകലാശാലകളിൽ നിന്നുള്ള വിദ്യാർത്ഥികൾ ക്ലിനിക്കൽ പരിശീലനത്തിനും ഇന്റേൺഷിപ്പിനുമായി ഈ സ്ഥാപനത്തെ തിരഞ്ഞെടുക്കുന്നത് ആശുപത്രിയുടെ ആഗോള സ്വീകാര്യതയ്ക്ക് തെളിവാണ്.

മെഡിക്കൽ ക്യാമ്പുകളിലൂടെ ആശുപത്രി നടത്തുന്ന ഇടപെടലുകൾ ജനങ്ങളുടെ ജീവിതശൈലിയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുന്നു. മെഡിക്കൽ ക്യാമ്പുകളുടെ ഭാഗമായി സംഘടിപ്പിക്കുന്ന ആയുർവേദ ഭക്ഷണക്രമീകരണ ക്ലാസുകൾ പൊതുജനങ്ങളുടെ ഇടയിൽ വലിയ സ്വാധീനം ചെലുത്തുന്നു. ഇത് ജനങ്ങളുടെ തെറ്റായ ഭക്ഷണരീതികളിൽ മാറ്റം വരുത്താൻ സഹായിക്കുന്നു. ശാസ്ത്രീയമായ ആയുർവേദ ഭക്ഷണക്രമത്തിലൂടെ ശരീരത്തിന് ആവശ്യമായ പോഷകങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഈ ക്ലാസുകൾ സഹായിക്കുന്നു. രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനും ജീവിതശൈലീ രോഗങ്ങളെ തടയുന്നതിനും ഇത് വലിയ പങ്കുവഹിക്കുന്നു.

<u>റീജയണൽ ക്യാൻസർ സെന്റർ</u>

1. <u>റിംഗ് ഗാൻട്രി (ഹാൽസിയോൺ) ലീനിയർ ആക്സിലറേറ്റർ</u>

ഇമേജ് ഗൈഡഡ് റേഡിയേഷൻ തെറാപ്പി (IGRT), ഇന്റൻസിറ്റി മോഡുലേറ്റഡ് റേഡിയേഷൻ തെറാപ്പി (IMRT) സേവനങ്ങൾ നൽകുന്നതിന് കിലോവോൾട്ടേജ് ഇമേജിംഗ് സംവിധാനങ്ങളുള്ള ഒരു റിംഗ് ഗാൻട്രി ലീനിയർ ആക്സിലറേറ്റർ സിസ്റ്റം ഉൾപ്പെടുത്തിയ

രാജ്യത്തെ ആദ്യത്തെ പൊതുമേഖലാ കാൻസർ പരിചരണ സ്ഥാപനം

2. **<u>റോബോട്ടിക് സർജറി യൂണിറ്റ്</u>**

നൂതന കാൻസർ ചികിത്സാ ഓപ്ഷനുകൾ നൽകുന്ന സംസ്ഥാനത്തെ പൊതുമേഖലയിലെ ആദ്യ സംവിധാനമായതിനാൽ, ആർസിസിയിൽ റോബോട്ടിക് സർജറി യൂണിറ്റ് സ്ഥാപിക്കുന്നത് കേരളത്തിന് അഭിമാനകരമാണ്. 'ഡാവിഞ്ചി സി' റോബോട്ടിക് സർജിക്കൽ സിസ്റ്റം, സാധാരണക്കാർക്കും സംസ്ഥാനത്തെ എല്ലാ സാമൂഹിക-സാമ്പത്തിക പിന്നോക്ക വിഭാഗങ്ങളിൽ നിന്നുമുള്ള രോഗികൾക്കും കൃത്യതയുള്ള ശസ്ത്രക്രിയ ലഭ്യമാക്കുന്നു.

3. **<u>യൂറോ-ബ്രാക്കിതെറാപ്പി യൂണിറ്റ്</u>**

യൂറോ-ബ്രാക്കിതെറാപ്പി യൂണിറ്റ് ഉപയോഗിച്ച് പ്രോസ്റ്റേറ്റ് കാൻസർ ഉൾപ്പെടെയുള്ള യൂറോ-ഓങ്കോളജി കാൻസറുകൾക്ക് റേഡിയേഷൻ ആരംഭിച്ചു.

4. **<u>3-ഡി ഡിജിറ്റൽ മാമോഗ്രഫി &3-ടെസ്ല എംആർഐ സ്കാനർ</u>**

അത്യാധുനിക 3-ടെസ്ല എംആർഐ സ്കാനറും ഒരു 3-ഡി ഡിജിറ്റൽ മാമോഗ്രഫി യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട്, കൂടാതെ സ്തനത്തിന്റെ ടോമോസിന്തസിസ്, കോൺട്രാസ്റ്റ് എൻഹാൻസ്ഡ് മാമോഗ്രഫി, സ്റ്റീരിയോടാക്റ്റിക് ബ്രെസ്റ്റ് ബയോപ്സി, വാക്വം അസിസ്റ്റഡ് ബ്രെസ്റ്റ് ബയോപ്സി, എംആർ-ഗൈഡഡ് ബ്രെസ്റ്റ് ബയോപ്സി തുടങ്ങിയ പുതിയ ഡയഗ്നോസ്റ്റിക് സേവനങ്ങൾ ആരംഭിച്ചു.

5. **<u>HIPEC സർജറി യൂണിറ്റ്</u>**

പുതുതായി സ്ഥാപിച്ച ഹൈപ്പർതെർമിക് ഇൻട്രാപെരിറ്റോണിയൽ കീമോതെറാപ്പി (HIPEC) ചില വിപുലമായ വയറുവേദന കാൻസറുകളുള്ള രോഗികളിൽ ചൂടാക്കിയ ഇൻട്രാഓപ്പറേറ്റീവ്, ഇൻട്രാപെരിറ്റോണിയൽ കീമോതെറാപ്പിയുമായി ശസ്ത്രക്രിയയെ സംയോജിപ്പിക്കുന്നു.

6. **<u>ഗാലിയം-68 ജനറേറ്റർ</u>**

പുതുതായി സ്ഥാപിച്ച ഗാലിയം-68 ജനറേറ്റർ, പോസിട്രോൺ എമിഷൻ ടോമോഗ്രഫി (പിഇടി) സ്കാനുകളിൽ ഉപയോഗിക്കുന്ന റേഡിയോഫാർമസ്യൂട്ടിക്കൽസ് നിർമ്മിക്കുന്നതിനായി റേഡിയോ ആക്ടീവ് ഗാലിയം-68 ന്റെ ഉറവിടം നൽകുന്നു, പ്രധാനമായും ഉയർന്ന കൃത്യതയോടെ കാൻസർ കണ്ടെത്തുന്നതിനും രോഗനിർണയം നടത്തുന്നതിനും. ന്യൂറോ എൻഡോക്രൈൻ ട്യൂമറിനുള്ള ഗാലിയം-68 ഡോട്ടേറ്റ് സ്കാനും പ്രോസ്റ്റേറ്റ് കാൻസറിനുള്ള പിഎസ്എംഎ (പ്രോസ്റ്റേറ്റ്-സ്പെസിഫിക് മെംബ്രൻ ആന്റിജൻ) സ്കാനും ഇത് ആരംഭിച്ചു.

7. **<u>കാത്‌ലാബ്</u>**

സംസ്ഥാനത്തെ പൊതു കാൻസർ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ഇത്തരത്തിലുള്ള ആദ്യത്തേതായ പൂർണ്ണമായും പ്രവർത്തനക്ഷമമായ കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചു. ഈ സൗകര്യം നമ്മുടെ രോഗികൾക്ക് വിപുലമായ ഇന്റർവെൻഷണൽ റേഡിയോളജി ഡയഗ്നോസ്റ്റിക്, ചികിത്സാ സൗകര്യങ്ങൾ നൽകുന്നു.

അനുബന്ധം II

**ലക്ഷ്യ (LaQshya)**

മാതൃശിശു മരണ നിരക്ക് കുറയ്ക്കുക അതോടൊപ്പം തന്നെ ഗർഭിണികളായ സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും മികച്ച പരിചരണം ഉറപ്പവരുത്തുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ലക്ഷ്യ പദ്ധതി ആവിഷ്കരിച്ചത്. അതിൻ പ്രകാരം കേരള സർക്കാർ ലക്ഷ്യ അക്രഡിറ്റേഷൻ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ലോകോത്തര നിലവാരത്തിലുള്ള പ്രസവ ചികിത്സ ലഭ്യമാക്കുക, അണുബാധ കുറയ്ക്കുക, പ്രസവ സമയത്ത് മെച്ചപ്പെട്ട സംരക്ഷണം, ഇതുകൂടാതെ പ്രസവാനന്തരമുള്ള ശുശ്രൂഷ, ഗുണഭോക്തക്കളുടെ സംതൃപ്തി, ലേബർറൂമുകളുടെയും പ്രസവ സംബന്ധമായ ഓപ്പറേഷൻ തിയേറ്ററുകളുടേയും ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നിവയാണ് ലക്ഷ്യ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. കേരളത്തിൽ മെഡിക്കൽ കോളേജുകളിലും,ജില്ലാ ആശുപത്രികളിലും താലൂക്കാശുപത്രികളിലുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. മെറ്റേണിറ്റി ഓപ്പറേഷൻ തീയറ്റർ, ലേബർ റൂം എന്നിവിടങ്ങളിലെ ഗുണനിലവാരമാണ് പ്രത്യേകം പരിശോധിക്കുന്നത്. നാളിതു വരെ കേരളത്തിൽ 17 ആശുപത്രികൾക്ക് (ലേബർ റൂം 17 ആശുപത്രികൾക്കും മെറ്റേണിറ്റി ഓപ്പറേഷൻ തീയറ്റർ 16 ആശുപത്രികൾക്കും) ലക്ഷ്യ അംഗീകാരവും 4 ആശുപത്രികൾ പുനഃഅംഗീകാരവും നേടുകയുണ്ടായി. 3 മെഡിക്കൽ കോളേജുകൾ, 10 ജില്ലാ ആശുപത്രികൾ , 4 താലൂക്കാശുപത്രികൾ എന്നിവയാണ് ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ള ആശുപത്രികൾ. നിലവിൽ ഈ സർക്കാരിന്റെ കാലത്ത് 14 അശുപത്രികൾക്ക് ലക്ഷ്യ അംഗീകാരവും 4 ആശുപത്രികൾ പുനഃഅംഗീകാരവും നേടുകയുണ്ടായി.

**മുസ്കാൻ (MusQan)**

സംസ്ഥാനത്തെ ആശുപത്രികളെ മാതൃശിശു സൗഹൃദമാക്കാനായി സർക്കാർ പ്രത്യേക പരിശ്രമമാണ് നടത്തുന്നത്. നവജാത ശിശുക്കളുടെയും കുട്ടികളുടെയും രോഗാവസ്ഥയും മരണനിരക്കും കുറയ്ക്കുന്നതിന് പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ഗുണനിലവാരമുള്ള ശിശു സൗഹൃദ സേവനങ്ങൾ ഉറപ്പാക്കുക എന്നതാണ് മുസ്കാൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ശാരീരികവും മാനസികവും സാമൂഹികവുമായ വികസനം ഉൾപ്പെടെ കുട്ടികളുടെ വളർച്ചയുടെയും വികാസത്തിന്റെയും എല്ലാ സുപ്രധാന വശങ്ങളും ഇതിൽ ഉൾക്കൊള്ളുന്നു. സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ് , ന്യൂ ബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ്, പ്രസവാനന്തര വാർഡുകൾ, പീഡിയാട്രിക് ഒപിഡികൾ എന്നീ വിഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നിവയാണ് മുസ്കാൻ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. ഈ സർക്കാരിന്റെ കാലത്ത് 7 ആരോഗ്യ സ്ഥാപനങ്ങൾക്ക് മുസ്ക്കാൻ (MusQan) അംഗീകാരം ലഭിച്ചു. 2 മെഡിക്കൽ കോളേജ് ,5 ജില്ലാ ആശുപത്രികൾ എന്നിവയ്ക്കാണ് (MusQan) സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ളത്.

| ലക്ഷ്യ സെർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങളടങ്ങിയ പട്ടിക | | | | |
|---|---|---|---|---|
| നം. | ഹോസ്പിറ്റൽസ് | ജില്ല | ലക്ഷ്യ സെർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ള വിഭാഗം | പുനഃ അംഗീകാ |

| | | | | |
|---|---|---|---|---|
| | | | (department ) | രം |
| 1. | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി പുനലൂർ | കൊല്ലം | ലേബർ റൂം<br>മറ്റേർണിറ്റി ഓ .ടി | |
| 2. | ഗവ .മെഡിക്കൽ കോളേജ് കോട്ടയം | കോട്ടയം | ലേബർ റൂം<br>മറ്റേർണിറ്റി ഓ .ടി | |
| 3. | ജനറൽ ആശുപത്രി എറണാകുളം | എറണാകുളം | ലേബർ റൂം<br>മറ്റേർണിറ്റി ഓ .ടി | |
| 4. | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കോഴിക്കോട് | കോഴിക്കോട് | ലേബർ റൂം<br>മറ്റേർണിറ്റി ഓ .ടി | പുനഃ അംഗീകാരം |
| 5. | ഗവ .മെഡിക്കൽ കോളേജ് കോഴിക്കോട് | കോഴിക്കോട് | ലേബർ റൂം<br>മറ്റേർണിറ്റി ഓ .ടി | |
| 6. | ജനറൽ ആശുപത്രി കോഴിക്കോട് | കോഴിക്കോട് | ലേബർ റൂം<br>മറ്റേർണിറ്റി ഓ .ടി | പുനഃ അംഗീകാരം |
| 7. | ജില്ലാ ആശുപത്രി മാനന്തവാടി | വയനാട് | ലേബർ റൂം<br>മറ്റേർണിറ്റി ഓ .ടി | പുനഃ അംഗീകാരം |
| 8. | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി മങ്ങാട്ടുപറമ്പ | കണ്ണൂർ | ലേബർ റൂം<br>മറ്റേർണിറ്റി ഓ .ടി | പുനഃ അംഗീകാരം |
| 9. | ജില്ലാ ആശുപത്രി മാവേലിക്കര | ആലപ്പുഴ | ലേബർ റൂം<br>മറ്റേർണിറ്റി ഓ .ടി | |
| 10. | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി പൊന്നാനി | മലപ്പുറം | ലേബർ റൂം<br>മറ്റേർണിറ്റി ഓ .ടി | |
| 11. | ഗവ .മെഡിക്കൽ കോളേജ് ശ്രീ അവിട്ടം തിരുനാൾ | തിരുവനന്തപുരം | ലേബർ റൂം<br>മറ്റേർണിറ്റി ഓ .ടി | |
| 12. | ഗവ താലൂക്ക് ആസ്ഥാന ആശുപത്രി പാറശ്ശാല | തിരുവനന്തപുരം | ലേബർ റൂം<br>മറ്റേർണിറ്റി ഓ .ടി | |
| 13. | ജനറൽ ആശുപത്രി അടൂർ | പത്തനംതിട്ട | ലേബർ റൂം<br>മറ്റേർണിറ്റി ഓ .ടി | |
| 14. | ജില്ലാ ആശുപത്രി നിലമ്പൂർ | മലപ്പുറം | ലേബർ റൂം<br>മറ്റേർണിറ്റി ഓ .ടി | |
| 15. | ഗവ താലൂക്ക് ആസ്ഥാന | മലപ്പുറം | ലേബർ റൂം | |

| | | | | |
|---|---|---|---|---|
| | ആശുപത്രി തിരൂരങ്ങാടി | | | |
| 16. | ഗവ താലൂക്ക് ആസ്ഥാന ആശുപത്രി വൈക്കം | കോട്ടയം | ലേബർ റൂം<br>മറ്റേർണിറ്റി ഓ .ടി | |
| 17. | ജനറൽ ആശുപത്രി തൃശൂർ | തൃശൂർ | ലേബർ റൂം<br>മറ്റേർണിറ്റി ഓ .ടി | |

| മുസ്‌ക്കാൻ (MusQan) സെർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങളടങ്ങിയ പട്ടിക | | |
|---|---|---|
| നം. | ഹോസ്പിറ്റൽസ് | ജില്ല |
| 1. | ഗവ .മെഡിക്കൽ കോളേജ് കോഴിക്കോട് | കോഴിക്കോട് |
| 2. | ജില്ലാ ആശുപത്രി മാനന്തവാടി | വയനാട് |
| 3. | ഗവ .മെഡിക്കൽ കോളേജ് മഞ്ചേരി | മലപ്പുറം |
| 4. | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കോഴിക്കോട് | കോഴിക്കോട് |
| 5. | ജില്ലാ ആശുപത്രി അടൂർ | പത്തനംതിട്ട |
| 6. | ജനറൽ ആശുപത്രി കോഴിക്കോട് | കോഴിക്കോട് |
| 7. | ജനറൽ ആശുപത്രി തൃശൂർ | തൃശൂർ |

സെക്ഷൻ ഓഫീസർ

**അനുബന്ധം III**

ലക്ഷ്യ സർട്ടിഫിക്കേഷന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ താഴെ പറയുന്ന പ്രകാരമാണ്.

ആശുപത്രികളിൽ 24 മണിക്കൂറും സാധാരണ പ്രസവം, Assisted delivery, സിസേറിയൻ സെക്ഷൻ ഉൾപ്പെടെയുള്ള പ്രസവ സൗകര്യവും പ്രസവാനന്തര ശുശ്രൂഷയും ഉറപ്പ് വരുത്തുന്നു. പ്രസവാനന്തരമുള്ള ഗർഭ നിരോധനമാർഗ്ഗങ്ങൾ (PPIUCD) തുടങ്ങിയവ ഉറപ്പ് വരുത്തുന്നു. പ്രസവാനന്തര സങ്കീർണ്ണതകൾ യഥാസമയം കണ്ടെത്തി ചികിത്സിക്കുകയും ആവശ്യമെങ്കിൽ higher Centres-ലേക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. നവജാത ശിശുക്കൾക്ക് ആവശ്യം വേണ്ട ഗുണമേന്മയുള്ള പരിചരണം 24 മണിക്കൂറും ഉറപ്പ് വരുത്തുന്നു.

- Point of care diagnostic test- ഗർഭിണികൾക്ക് ആവശ്യമായ ലബോറട്ടറി പരിശോധനകൾ (HIV, Hb, Blood Sugar, Protein, Urea) തുടങ്ങിയവയുടെ രക്ത പരിശോധനകൾ ) 24 മണിക്കൂറും സ്ഥാപനത്തിൽ ഉറപ്പ് വരുത്തുന്നു.
- രോഗികളുടെ അവകാശങ്ങൾ സംബന്ധിച്ച സേവന വിവരങ്ങൾ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്ന വിധത്തിൽ പ്രദർശിപ്പിച്ച് വരുന്നു.
- സേവനങ്ങളുടെ ലഭ്യത സംബന്ധിച്ച വിവിധ ദിശാ സൂചികകൾ (Signage board) മലയാളത്തിൽ എഴുതി പ്രദർശിപ്പിക്കുന്നു.
- സ്ത്രീകളുടെയും, കുട്ടികളുടെയും ആരോഗ്യ പരിചരണത്തിനും ചികിത്സയ്ക്കും ആവശ്യമായ ബോധവത്കരണ സന്ദേശങ്ങൾ യഥാവിധി പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നു.
- സാമൂഹികവും, സാമ്പത്തികവും മതപരവും ലിംഗപരവുമായ യാതൊരു വിവേചനവുമില്ലാതെ എല്ലാവർക്കും ഗുണമേന്മയുള്ള സേവനങ്ങൾ ഉറപ്പ് വരുത്തുന്നു.
- ഗർഭിണികളുടെ സ്വകാര്യതയും അന്തസ്സും മാനിച്ചുകൊണ്ടുള്ള ഗുണമേന്മയുള്ള സേവനം ലഭ്യമാക്കുന്നിനുള്ള ഭൗതിക സാഹചര്യം ഉറപ്പ് വരുത്തുന്നു.
- രോഗികൾക്കും അവരുടെ ബന്ധുക്കൾക്കും രോഗ നിർണ്ണയവും ചികിത്സയും സംബന്ധിച്ച വിവരങ്ങൾ യഥാസമയം കൈമാറുകയും ഗർഭിണികളുടെയും ബന്ധുക്കളുടെയും അഭിപ്രായം മാനിച്ചുകൊണ്ടുള്ള ചികിത്സ ഉറപ്പ് വരുത്തുന്നു.
- ഗർഭിണികൾക്ക് രോഗനിർണ്ണയത്തിന് ആവശ്യമായ വിവിധ പരിശോധനകൾ മരുന്ന്, രക്തം നൽകുന്നതുൾപ്പടെയുള്ള ചികിത്സാ സൗകര്യങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നു.
- ലക്ഷ്യ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള ശുദ്ധജല സൗകര്യം, ശുചിമുറികളുടെ ലഭ്യത, വസ്ത്രം മാറുന്നതിനുള്ള സൗകര്യം തുടങ്ങിയവ ഉറപ്പ് വരുത്തുന്നു. പ്രസവ മുറി , ഓപ്പറേഷൻ തീയേറ്റർ, നവജാത ശിശു പരിചരണ യൂണിറ്റ് എന്നിവ പരസ്പര ബന്ധിതമാക്കിയുള്ള ഭൗതിക സാഹചര്യം ഉറപ്പ് വരുത്തുന്നു.
- ഗർഭിണികളുടെയും, കുഞ്ഞുങ്ങളുടെയും സുരക്ഷയ്ക്ക് ഹാനികരമായ യാതൊരു വസ്തുക്കളും ചികിത്സാ കേന്ദ്രങ്ങളിൽ (Infrastructural/ Furniture/ equipment related) ഇല്ല എന്ന് ഉറപ്പ് വരുത്തുന്നു.
- അഗ്നി ശമന സുരക്ഷാ മർഗ്ഗങ്ങളും മറ്റും ഉറപ്പ് വരുത്തുന്നു.
- ലക്ഷ്യ സ്റ്റാൻഡേർഡ് പ്രകാരം സ്ഥാപനങ്ങളിൽ ഗൈനക്കോളജിസ്റ്റ്. പീഡിയാട്രീഷ്യൻ, അനസ്തേഷ്യോളജിസ്റ്റ് മുതലായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉറപ്പ് വരുത്തുന്നു. എല്ലാ ആരോഗ്യപ്രവർത്തകർക്കും ആവശ്യമായ പരിശീലനം

സിദ്ധിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നു

മുസ്കാൻ (Musqan) സർട്ടിഫിക്കേഷൻ നേടുന്നതിനായി ആരോഗ്യസ്ഥാപനങ്ങളിൽ ശിശു സൗഹൃദവും ഗുണനിലവാരമുള്ളതുമായ പരിചരണം ഉറപ്പാക്കുന്ന നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. നവജാത ശിശുക്കൾക്കും കുട്ടികൾക്കും ലഭിക്കുന്ന സേവനങ്ങൾ ഒരേ സ്ഥലത്ത് (Co-located) ലഭ്യമാക്കുന്ന രീതിയിൽ പീഡിയാട്രിക് ഒ പി ഡി, District Early Intervention Centre, മുലയൂട്ടൽ കോർണർ, Kangaroo Mother Care Room, Special Newborna Care Unit/Newborn Stabilisation Unit, Nutrition Rehabilitation Centre, ലബോറട്ടറി സാമ്പിൾ ശേഖരണ സൗകര്യം പ്രത്യേക രജിസ്ട്രേഷൻ, ഫാർമസി കൗണ്ടറുകൾ എന്നിവ ക്രമീകരിച്ചിട്ടുണ്ട്. കുട്ടികൾക്ക് ആകർഷകമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി കാർട്ടൂൺ ചിത്രങ്ങളോടുകൂടിയ ശാന്തമായ നിറങ്ങൾ സുരക്ഷിതമായ കളിപ്പാട്ടങ്ങളും ഊഞ്ഞാലുകളും ഉൾപ്പെട്ട ചൈൽഡ് സോൺ ശിശു സൗഹൃദ അന്തരീക്ഷം ശൗചാലയങ്ങൾ കുടിവെള്ള സൗകര്യം എന്നിവ ഒരുക്കിയിട്ടുണ്ട്. . മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ആവശ്യമായ എല്ലാ പീഡിയാട്രിക് മരുന്നുകളും, ഫോർമുലേഷനുകളും ലഭ്യമാണെന്ന് ഉറപ്പാക്കുന്നു.

അതോടൊപ്പം ക്ലിനിക്കൽ പ്രോട്ടോകോളുകളും, മാനേജ്മെന്റ് പ്രക്രിയകളും ശക്തിപ്പെടുത്തി അണുബാധ പ്രതിരോധം യുക്തിസഹമായ ആന്റിബയോട്ടിക് ഉപയോഗം രേഖപ്പെടുത്തൽ എന്നിവ മെച്ചപ്പെടുത്തുന്നതിനായി Rapid Improvement Cycle പുരോഗതി പ്രവർത്തനങ്ങൾ (RI Events) നടപ്പിലാക്കുന്നു. റഫറൽ ഫോളോഅപ്പ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും, റഫറൽ ഓഡിറ്റുകൾ നടത്തുകയും ചെയ്യുന്നു. രോഗിയായ ശിശുവിന്റെ പരിചരണത്തിൽ അമ്മയെയും കുടുംബത്തേയും പങ്കാളികളാക്കുന്ന കുടുംബകേന്ദ്രീയ പരിചരണം ഉറപ്പാക്കുന്നു. അമ്മമാർക്ക് ഇതിനായി പരിശീലനങ്ങൾ നൽകുന്നു. ജീവനക്കാർക്ക് തുടർച്ചയായ പരിശീലനം സഹാനുഭൂതിയോടുള്ള പെരുമാറ്റം, Information Education Counselling പ്രവർത്തനങ്ങൾ എന്നിവയിലൂടെ മാതാപിതാക്കളുടെ സംതൃപ്തിയും സ്ഥാപനത്തിലേയ്ക്കുള്ള വിശ്വാസവും വർദ്ധിപ്പിക്കുകയും സുരക്ഷിതമായ നവജാത ശിശു പരിചരണം ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.